പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :3691 23.08.2017 ലെ മറുപടിക്ക്

**കയർ ജിയോ ടെക്സ് സംവിധാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് കയർ ജിയോ ടെക്സ് സംവിധാനം പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ണ്-ജല സംരക്ഷണത്തിനും, റോഡുനിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതെന്ന് വിവരിക്കാമോ; | ബി) സംസ്ഥാനം അതിരൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. ഈ സാഹചര്യത്തിൽ ജലസ്രോതസ്സുകൾ ചെലവുകുറഞ്ഞ രീതിയിൽ സംരക്ഷിക്കുന്നതിന് കുളങ്ങൾ, തോടുകൾ, നദികൾ ഇവയുടെ എല്ലാം തിട്ട സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം ഉപയോഗിക്കാനാകും. ആ നിലയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ റോഡ് നിർമ്മാണം, മണ്ണൊലിപ്പ് തടയൽ എന്നിവയ്ക്കും കയർ ഭൂവസ്ത്രം വിതാനിക്കുന്നത് ഗുണകരമാണ്. ഹരിത കേരളം മിഷൻ പദ്ധതിയുടെ ഭാഗമായും MGNREGS പദ്ധതിയുടെ ഭാഗമായും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും പ്രചരണത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കുമോ? | സി) കൃഷി, മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം, കടൽത്തീര സംരക്ഷണം, ജലസംരക്ഷണം എന്നീ രംഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ